# വെളിമുക്ക് ക്രസന്റ് സ്കൂളിനു കിരീടം

**കോഴിക്കോട്:** ടാറ്റാ ടി ആഴ്സണൽ സോക്കറിൽ വെളിമുക്ക് ക്രസന്റ് ഹയർസെക്കൻഡറി സ്കൂൾ കിരീടം നേടി . ഫൈനലിൽ ഈങ്ങാപ്പുഴ എം ജി എം എച്ച് എസിനെ 3-2ന് തോൽപ്പിച്ചു. ടാറ്റാടിയും യു കെ യിലെ ആഴ്സനൽ എഫ്സിയും ചേർന്ന് ഇന്ത്യയിൽ നിന്ന് 16 സോസർ താരങ്ങളെ കണ്ടെത്താനാണ് മത്സരം സംഘടിപ്പിച്ചത്. കോർപ്പറേഷൻ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ സംസ്ഥാനത്തുനിന്നും ഒട്ടേറെ ടീമുകൾ പങ്കെടുത്തിരുന്നു. ഏറ്റവും നല്ല കളിക്കാരനായി എം എസ് പി മലപ്പുറം സ്കൂളിലെ സമീറും ഗോൾകീപ്പറായി യു എച്ച് എസ് സ്കൂളിലെ എം നിഹാലും തിരഞ്ഞെടുക്കപ്പെട്ടു. സോണൽ മത്സരത്തിൽ ഏറ്റവും കൂടുതൽ ഗോളുകൾ നേടിയത്. വെളിമുക്ക് ക്രസന്റ് ഹയർസെക്കൻഡറി സ്കൂളിലെ സജീറാണ്. രണ്ടു ദിവസങ്ങളിലായി 66 മത്സരങ്ങൾ നടന്നു. കൊൽക്കത്തയിലാണ് ഫൈനൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. മത്സരത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന 30 പേർക്ക് ആഴ്സനൽ കോച്ചുകളുടെ നേതൃത്വത്തിൽ കൊൽക്കത്തയിൽ രണ്ടാഴ്ച നീണ്ടു നിൽക്കുന്ന കോച്ചിംഗ് നൽകും. ഇതിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന 16 പേർക്ക് യു കെ യിലെ ആഴ്സനൽ പരിശീലന ക്യാമ്പിൽ പങ്കെടുക്കാം.